# ചെറിയാൻസിന്റെ ചെറുകഥകൾ

മിനികഥകൾ രണ്ട് ജോയിക്കുട്ടി, ഡിട്രോയിറ്റ്

ചെറിയാൻ കഥകൾ പറയാൻ തുടങ്ങുകയാണ്. അടിയൊന്നു മായില്ല വടി വെട്ടാൻ പോയിട്ടുള്ളതേയുള്ളൂയെന്ന പോലെയാണിത്. കഥകളുടെ കൂമ്പാരം ചെറിയാന്റെ പക്കലുണ്ട്. ആശാന്റടുക്കൽ നിന്ന് മലയാളക്ഷരപരിജ്ഞാനകുചേലനാമെനിക്ക് ശ്രദ്ധാപൂർവ്വം ശ്രവണശക്തിയുണ്ടങ്കിലേ അക്ഷരവടുവിൽ നിങ്ങളെ മനസ്സിലാക്കാൻ കഴിയൂ. പരിശ്രമത്തിന്റെ പരമാവധി കഴിച്ചാണ് ഈ ജോലി ഇപ്പോൾ ചെയ്യേണ്ടി വരുന്നത്. പിഴകളേറെയുണ്ടങ്കിലതിൽ പരിഭവമേ പാടില്ല സഖാക്കളേ, നിങ്ങൾ.

ഓണാഘോഷങ്ങളുടെ ലാത്തിരി കത്തിക്കുന്നതും പ്രാരംഭം കുറിക്കുന്നതും, വാളു വെച്ച് പെരുവഴിയിൽ പാമ്പായി വിലസിയാണല്ലോ നല്ല മലയാളികൾ അന്നുമിന്നും. അപ്പോൾ ഇന്ന് പാമ്പിന്റെ കഥ കേൾക്കാം.

## പാമ്പ്

ഇത് നമ്മുടെ സദാനന്ദന്റെ കഥയാണ്. സദാനന്ദനെ നിങ്ങളേവരുമറിയും ഞാനറിയും പോലെ തന്നെ. അമേരിക്കയിലെ ഹാൻഡിമാൻ എന്ന തൊഴിലാണ് നമ്മുടെ നാട്ടിൽ പ്രിയ സദാനന്ദന്റേത്. ചെറുപ്പക്കാലത്തേ വികൃതികുട്ടനായിരുന്ന, ബാല്യകാലവികൃതികൾകേൾക്കാത്തവരാരുമില്ലാനാട്ടിൻപുറത്ത്. "അമ്മേ, അഛനിതാ മുട്ടേൽ ഇഴയാൻ തുടങ്ങീട്ടുണ്ടെന്നു പറഞ്ഞതും, തുടയിലെ തൊലി അഛൻ പറിച്ചെടുത്തതും, പിറ്റേന്ന് സ്ക്കൂളിൽ ചെന്നപ്പോൾ രാത്രീ പഴുതാര കടിച്ചതാണെന്ന് ഉണർത്തിച്ചത് ചീറ്റിപ്പോയപ്പോൾ, അപ്പോൾ പഴുതാര നിന്റെഛനാണെന്ന് സഹപാടികൾ പറഞ്ഞതോടെ പഴുതാര സദാനന്ദൻ എന്ന അപരനാമത്തിനയാളർഹനായി. ഉറങ്ങാതെ, അനങ്ങാതെ, ഉറക്കം നടിച്ച് മിടുക്കനായ അനുജൻ അയാൾക്ക് പാരവെച്ചതാണെന്ന് പിന്നിടാണവൻ അറിയുന്നത്. അപ്പോഴേക്കും പേരായി കഴിഞ്ഞിരുന്നു.

സദാനന്ദൻ ഈശ്വരാധിനമുള്ളവനായിരുന്നു. തൊടുന്നതെല്ലാം പൊന്നാകാൻ പണ്ടൊരു രാജാവിന് വരം കിട്ടിയെന്നതുപോലെ സദാനന്ദൻ ചെയ്യുന്ന പണിയെല്ലാം അതിശ്രേഷ്ഠമായി കലാശംകൊട്ടി. കറന്റിന്റെ തുടങ്ങി പെപ്പിന്റെ വെരെ അയാൾ ചെയ്യുന്നതെല്ലാം ഇത്രയും ഭംഗിയായി വേറാരുമവിടെ ചെയ്യാറില്ല. നാട്ടുകാർക്കെല്ലാമയാളെ എപ്പോഴും എന്തിനും വേണം. അങ്ങിനെ ഇരുളിൽ പണി ചെയ്യുമ്പോളവളുടെ സ്തനം കയ്യിലുടക്കിയത് കശക്കിയയാൾ നിതംബത്തെ പിടിയിലാക്കിയപ്പോൾ, അവൾമയങ്ങിപ്പോയി. ഗൗരിവെച്ച വലയിലയാൾ കുടുങ്ങിയോ, അയാൾ വെച്ച യന്ത്രത്തി മൂഷികസ്ത്രീയവൾ കുടുങ്ങിയോ! കയ്യിൽ കിട്ടിയ പ്രഗത്ഭനെയവൾ മെരുക്കീ തൻ ആവനാഴിയിലിട്ട് കശക്കി. പക്ഷേ, പ്രഗത്ഭതൻ മെയ്‌വിരുതഭ്യാസങ്ങളിൽ അവനൊരു തുടക്കാരൻ ഇല്ലാതായ് പോയതിലയാൾ മനമുരുകാൻ തുടങ്ങി.

കദനഭാരം കുംഭത്തിൽ പട്ടയിലാക്കിയയാൾ നിദ്രാദേവിയിലനുഗ്രഹീതനായി. കളരി പലതും പയറ്റിതെളിഞ്ഞതവൾ അവനു മുമ്പ് പലരിൽ നിന്നതെന്നവൻ അറിഞ്ഞില്ല. പോയ വഷങ്ങളിലെ പാഴ്‌വേലെയെക്കുറിച്ചവളമ്പാതെ, അവന്റെ അബോധാവസ്ഥയിലുള്ള നിദ്ര മുതലെടുത്തു. ഇല്ലവൾക്കിനി ഒരു പൈതലിനെ ഓമനിക്കാൻ മേലിലുമെന്നവളറിഞ്ഞപ്പോൾ, അല്ലലേതുമില്ലാതെ വിഹരിച്ചു മറ്റുള്ളവരുടെ മാറുകളിലായി. പണ്ടേ പാരവെച്ച കുഞ്ഞനുജൻ കുട്ടപ്പൻ തൻ പ്രഥമ കളരിപഠനം കല്ല്യാണ പിറ്റേന്ന്, ചേച്ചീയെന്നേം മൈന്റു ചെയ്യേണമെനോതിയപ്പോൾ മറുത്തെന്നുമവൾ ചിന്തിച്ചില്ല; പറഞ്ഞില്ല. പ്രായത്തിൽ കേവലമൊരു വയസിനിളവയവൻ തൻ ആഗ്രഹമവളല്ലൊതെ മറ്റാരുണ്ടവിടെ നിറവേറ്റാനായി. കുട്ടന്റെ തട്ടീംമുട്ടിമുള്ള വികൃതികളിലവൾ ആകൃഷ്ടയായ് അവനുടെ പ്രഥമരംഗമിതെങ്ങനെ സാധിച്ചൂയെന്നവൾ ആരാഞ്ഞപ്പോൾ പുസ്തകവിജ്ഞാനത്തെ പുകഴ്ത്തി. പുസ്തകങ്ങളിലൂടെ ഇത്രയുമാകാമെങ്കിൽ, പ്രവർത്തികളിലൂടെയിവനെ പ്രഗത്ഭനാക്കാമവളുടെ പ്രചോദനമെന്നവൾ അറിഞ്ഞു. കുട്ടന്റെ ഡ്രൈവിംഗ് പഠനമിവിടെ നിന്നെന്നറിഞ്ഞ സദാനന്ദൻ, അതിനെന്ത് നിനക്ക്, വേണ്ടുവേളമുണ്ടല്ലോ എനിക്കിവിടെ നിനക്കും നൽകാനെന്നവൾ മൊഴിഞ്ഞു. എച്ചിലു നക്കാനെന്നെ കിട്ടുകില്ലന്നവനായപ്പൊൾ, എന്നാലതവനാകുമല്ലോ. അവന്, നിന്റെ സ്വന്തം കൂടപ്പിറപ്പിന് ഞാനും നീയുമല്ലാതാരുണ്ടീയുലകിൽ എന്നവളുടെ ചോദ്യത്തിനുത്തരമില്ലാതെ മൗനം അനുവാദമെന്നവൾ ഗ്രഹിച്ചു. അനുജനിൽ നിന്നു കിട്ടുന്നത്രയും അവനിൽ നിന്നുമില്ലായിരുന്നെങ്കിലും സദാനന്ദനുള്ളതിനു കുറവൊന്നുവൾ വരുത്തിയില്ല.

കാലാന്തരത്തിൽ, കുട്ടൻ പഠിച്ച് വല്ല്യ ഉദ്യോഗസ്ഥനായി വേളികഴിഞ്ഞുടൻ ഭീതിയോടെ ദൂരെ ദൂരെയായി മാറിപ്പോയി. ഖേതമതിലേശം ഗൗരിക്കുണ്ടായില്ല; തൻ പതിയെ പകുക്കുവാനൾക്കേതും താല്പര്യമില്ലായിരുന്നു. കഴിവില്ലേതുമവൻ, സദാനന്ദനെന്നവൾക്കറിയാമായിരുന്നെങ്കിലും എന്തിനായി അഗ്നിയും പടക്കവും അടുത്തടുത്താക്കി വെച്ച് വിപത്തിനെ വിളിച്ചു വരുത്തുന്നതെന്നവൾ ശങ്കിച്ചതിലത്ഭുതമില്ലല്ലോ.

തന്നെക്കൊണ്ടു പറ്റിയില്ലങ്കിലും കുട്ടൻ വിചാരിച്ചാലെങ്കിലും പുത്ര സൗഭാഗ്യം കിട്ടുമെന്നയാൾ അശിച്ചത് മിഥ്യയായി. അവൾ മച്ചിയെന്നറിഞ്ഞപ്പോൾ അയാൾ മദ്യത്തെ ശരണപ്പെട്ടതിൽ കുറ്റം പറയാനൊക്കുമോ. മദ്യലേപനം ഏകിയേകി ആശങ്കയേറി പലക്കുമവനെ ഭവനങ്ങളിലേക്ക് സ്വാഗതം ചെയ്യാൻ. എന്നാൽ പണിക്കു പോകുമ്പോളയാൾ മദ്യവിമുക്തനായിരുന്നു. വേറൊരുവനും അയാൾ ചെയ്യുന്നതുപോലെ വൃത്തിയായി, ഭംഗിയായി യാതൊരു പണിയും ചെയ്യില്ല. വേതനത്തിനയാൾ ഒരിക്കലും ശണ്ഠ കൂടീട്ടില്ല; ചോദിച്ചിട്ടുമില്ലാരോടുമിതുവെരെ. കൊടുക്കുന്നതു തുഛമെങ്കിൽ, കബളിപ്പിച്ചാൽ, അവിടേക്കയാൾ പിന്നീടൊരു പണിക്കും ചെല്ലുകയില്ല. അങ്ങിനെ കാലമേറെയായപ്പോൾ, അദ്ധ്വാനശേഷം കൂരയിലേക്ക് മദ്യപിക്കാതെ ചെല്ലാറായി.

മദനകാമ്മാക്ഷിയവൾ മുറുക്കിചുവപ്പിച്ച അധരങ്ങളുമായി അങ്ങാടിയിലൂടെ ആടിപ്പാടിയപ്പോൾ ആണുങ്ങളുടെ കാമാത്തിനറുതിയായി; അവൾ തൻ മുണ്ടിൻ കോന്തല ഗർഭിണിയായി നോട്ടിൻ കെട്ടുകളാൽ. എന്തെല്ലാമാരെല്ലാമഴിച്ചാലും ഒരിക്കലും അഴികില്ലവളുടെ കോന്തലകെട്ടുകൾ. സദാനന്ദൻ മാത്രം അതഴിച്ച് മദ്യപിച്ച് പെരുവഴിയിൽ ഓണതുടക്കത്തിലും ഒടുക്കത്തിലും, വാളായി പാമ്പായി കിടന്നാക്രോഷിച്ചു: പോടാ, പുല്ലേ! ഇത് എന്റെ സ്വന്തം സർക്കാർ എനിക്കു വേണ്ടി പണിയിച്ചു തന്നറോഡാണ്. എനിക്കിവിടെ പാമ്പായി വാളും വെച്ച് കിടന്നാഘോഷിക്കണമീയോണനാളുകൾ. ആരവിടെ സർക്കാറായി വന്നാലും, അതെല്ലാം സദാനന്ദന്റെ സ്വന്തം സർക്കാരാണ്; അയാൾ അവക്കാണ് വോട്ടു ചെയ്യതെന്നാണരുളുക. പോലീസു പിടിച്ചാലും അയാളെ ഒന്നും ചെയ്യത്തില്ല. അവക്കറിയാമവനെ. പിറ്റേന്ന് പുറത്തു വരുന്നവനെ പിന്നേയുമന്തിയുറങ്ങാൻ അവരവനെയവിടെതന്നെ കൊണ്ടുവരും.